## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.690 — 05/06/2018-ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി

| | ചോദ്യം<br><br>**ശ്രീ.പി.ടി.എ. റഹീം** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മാവൂർ ഗ്രാമപഞ്ചായത്തിലെ പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) & (ബി) | മാവൂർ ഗ്രാമപഞ്ചായത്തിലെ പട്ടേരിക്കുന്ന് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ 21.12.2014 ന് കെ.എസ്.ഇ.ബി യുടെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പരിശോധനയിൽ താരിഫ് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയതിനെ തുടർന്ന് 07.01.2015 ന് 99,178/- രൂപയുടെ ബില്ല് നൽകുകയും, വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തു. ഇതിനെതിരെ ടി പദ്ധതിയുടെ കൺവീനർ ശ്രീ.വത്സരാജ് സി.ജി.ആർ.എഫ്, ഓംബുഡ്സ്മാൻ എന്നിവിടങ്ങളിലും തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും കേസ് നടത്തിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ബോർഡിനനുകൂലമായി വിധി പ്രസ്താവിക്കുകയാണുണ്ടായത്. കോടതി വിധി പ്രകാരം പഞ്ചായത്ത് പ്രസ്തുത കണക്ഷന് നിലവിലുള്ള കുടിശ്ശിക ഒടുക്കിയാൽ മാത്രമെ വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. കുന്ദമംഗലം എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ യോഗം ചേർന്ന് ഇക്കാര്യം ചർച്ച ചെയ്യാനും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ക്രമീകരണമുണ്ടാക്കി പ്രശ്ന പരിഹാരം കാണാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ യോഗം വിളിച്ചുകൂട്ടി നടപടി സ്വീകരിക്കുന്നതിന് ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ? | | |

സെക്ഷൻ ഓഫീസർ